**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4232** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഫുൾടൈം ബെനഫിറ്റ് തസ്തികയിലെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഫുൾടൈം ബെനഫിറ്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന പാർട്ട് ടൈം വിത്ത് ഫുൾടൈം ബെനഫിറ്റ് അദ്ധ്യാപകരിൽ (ജൂനിയർ ലാംഗ്വേജ് ടീച്ചർ ഹിന്ദി) പ്രസ്തുത തസ്തികയിൽ 2012 മുതൽ ജോലി ചെയ്തുവരുന്നവർക്ക് ഫുൾടൈം ലാംഗ്വേജ് ടീച്ചർ തസ്തികയിലേക്ക് പ്രൊമോഷൻ കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | (എ) ഫുൾടൈം ഹിന്ദി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനു യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിൽ നിന്ന് സ്ഥാനകയറ്റം നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ ഈ ലിസ്റ്റിലെ ആദ്യ 4 പേർക്കാണ് സ്ഥാനകയറ്റം നൽകിയിട്ടുള്ളത്. അർഹതപ്പെട്ട ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) തസ്തികയിൽ ഏത് വർഷം വരെയുള്ളവർക്കാണ് പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) ആദ്യ 4 പേർക്കാണ് സ്ഥാനകയറ്റം നൽകിയിട്ടുള്ളത്. 30/07/2021 തീയതിയിലെ എ3/22564/2018/ഡി.ജി.ഇ ഉത്തരവ് പ്രകാരം 19/02/2004- ൽ പാർട്ട്ടൈം ഹിന്ദി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച അദ്ധ്യാപികയ്ക്കാണ് സ്ഥാനകയറ്റം നൽകിയത് |
| (സി) | ഫുൾടൈം ബെനഫിറ്റ് തസ്തികയിലെ അദ്ധ്യാപകന് മതിയായ യോഗ്യതകൾ ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയിലെ അദ്ധ്യാപകനോടൊപ്പം പ്രൊമോഷന് അർഹതയുണ്ടോ; വ്യക്തമാക്കാമോ; അർഹതയുണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഏത് വർഷംവരെ ജോലിയിൽ പ്രവേശിച്ചവർക്കാണ് പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | (സി) അർഹതയില്ല. പാർട്ട്ടൈം ലാംഗ്വേജ് ഹിന്ദി തസ്തികയിൽ ജോലി ചെയ്യുന്ന അധ്യാപകർ 5 വർഷം പൂർത്തിയാക്കുകയും 8 പിരീഡ് ലഭ്യമാകുമ്പോൾ ടി അധ്യാപകർക്ക് ഫുൾടൈം ബെനിഫിറ്റ് നൽകുന്നു. എന്നിരുന്നാലും ടി അദ്ധ്യാപകർ പാർട്ട്ടൈം തസ്തികയിലാണ് തുടരുന്നത്. അതിനാൽ ഫുൾടൈം തസ്തികയിലെ അധ്യാപകരോടൊപ്പം പ്രൊമോഷന് അർഹതയില്ല. |
| (ഡി) | നിലവിൽ ജൂനിയർ ലാംഗ്വേജ് ടീച്ചർ(ഹിന്ദി) തസ്തികയിൽ ഫുൾടൈം ബെനഫിറ്റിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് പ്രൊമോഷൻ കൊടുക്കാൻ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഈ പ്രൊമോഷന് നിലവിൽ യോഗ്യരായ അദ്ധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | (ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ അർഹതപ്പെട്ടയെണ്ണം സ്ഥാനകയറ്റത്തിനായി നൽകുന്നുണ്ട്. നിലവിൽ പാർട്ട്ടൈം ലാംഗ്വേജ് ഹിന്ദി, ഫുൾടൈം ലാംഗ്വേജ് ഹിന്ദി തസ്തികയിലേക്ക് സ്ഥാനകയറ്റത്തിനായി അദ്ധ്യാപകരുടെ ലിസ്റ്റ് നിലവിൽ ഉള്ളതും 4 പേർക്ക് നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഇ) | 2007 ജനുവരിമാസം ജോയിൻ ചെയ്ത പാർട്ട് ടൈം ജൂനിയർ ലാംഗേജ് ടീച്ചർമാർക്ക്(ഹിന്ദി) ഫുൾടൈം ലാംഗേജ് ടീച്ചർമാരായി പ്രൊമോഷൻ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ഇ) | (ഇ) നിലവിൽ 4 പേർക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്. 19/02/2004 ൽ പ്രവേശിച്ച അധ്യാപികയ്ക്ക് ആണ് അവസാനം നൽകിയിട്ടുള്ളത്. അർഹതപ്പെട്ട ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനകയറ്റം നൽകുന്നതാണ്. |
| (എഫ്) | കേരളത്തിലെ മറ്റ് ജില്ലകളിൽ ഏത് വർഷംവരെ ജോയിൻ ചെയ്തവർക്കാണ് ഫുൾടൈം അദ്ധ്യാപകരായി പ്രൊമോഷൻ കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എഫ്) | കൊല്ലം - 2006 വർഷം പത്തനംതിട്ട - 2000 വർഷം കോട്ടയം - 2005 വർഷം ആലപ്പുഴ - 2004 വർഷം ഇടുക്കി - 2002 വർഷം എറണാകുളം - 2013 വർഷം തൃശ്ശൂർ - 2004 വർഷം പാലക്കാട് - 2017 വർഷം മലപ്പുറം - 2012 വർഷം കോഴിക്കോട് - 2014 വർഷം വയനാട് - 2014 വർഷം കണ്ണൂർ - 2004 വർഷം കാസർഗോഡ് - 2005 വർഷം |

സെക്ഷൻ ഓഫീസർ